# <u>പുനർലേലപരസ്യം</u>

തൃപ്പൂണിത്തുറ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നതെന്തെന്നാൽ

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ ഇരിക്കുന്ന തൃപ്പൂണിത്തുറ ഗ്രൂപ്പിൽപ്പെട്ട തൃപ്പൂണിത്തുറ ക്ഷേത്രത്തിലെ പഴയ കേടുവന്ന 15. കെ.വി.എ ജനറേറ്റർ 18-11-14 (ചൊവ്വാഴ്ച) പകൽ 3 മണിക്ക് മരാമത്ത് വിഭാഗത്തിന്റെ സാന്നിദ്ധ്യത്തിൽ തൃപ്പൂണിത്തുറ ദേവസ്വം ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതിന തീരുമാനിച്ചിരിക്കുന്നു. സീൽ ചെയ്ത കവറിലും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും കൃത്യമായി ഹാജരായിരിക്കേണ്ടതും 10,000 രൂപ നിരതദ്രവ്യം അടക്കേണ്ടതുമാണ്. നിരതദ്രവ്യം അടച്ചവരെ മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കുകയുള്ളൂ. ആയതുപ്രകാരം ലേലം വിളി ആരംഭിക്കുകയും ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ, സീൽ ചെയ്ത ക്വട്ടേഷൻ മുഖാന്തിരം കൂടുതൽ തുക എഴുതിയ ആളുടെ പേരിലോ, മൂന്ന് വാക്ക് വിളിച്ച് ലേലം ഉറപ്പിക്കുന്നതുമാണ്. ലേല സംഖ്യ മുഴുവനായി ദേവസ്വത്തിൽ അടക്കേണ്ടതും രശീതി കൈപറ്റേണ്ടതും ആണ്. ഇപ്രകാരം ലേലം കൊണ്ട ആൾ ലേല സംഖ്യ അടക്കാതെ വരുന്ന സാഹചര്യത്തിൽ വിളിച്ച ആൾ തൊട്ടു മുമ്പുള്ള ആളുടെ കൂടി നിരതദ്രവ്യം ലേലം കൊണ്ട ആൾ അടച്ചതിനുശേഷമേ നിരതദ്രവ്യം മടക്കികൊടുക്കുകയുള്ളു. ലേലം കൊണ്ട് 10 ദിവസത്തിനകം ജനറേറ്റർ നീക്കം ചെയ്യേണ്ടതാണ്. ലേലത്തെപ്പറ്റി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ തൃപ്പൂണിത്തുറ ദേവസ്വം ഓഫീസിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ ഓഫീസ് സമയങ്ങളിൽ അന്വേഷിക്കേണ്ടതാണ. ലേലം ദേവസ്വത്തിന ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വയ്ക്കുന്നതിനോ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിട്ടയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

തൃപ്പൂണിത്തുറ,

5-11-2014.

Sd/-

ഗ്രൂപ്പ് അസി.കമ്മീഷണർ
തൃപ്പൂണിത്തുറ ഗ്രൂപ്പ്
തൃപ്പൂണിത്തുറ